സി.എം റഫീഖ് കോക്കൂർ



# കരുണ തന്നെയാണ് ഇസ്‌ലാം

عَنْ سَلْمَانَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ ﷺ إِنَّ اللهَ خَلَقَ يَوْمَ خَلَقَ السَّمَاوَاتِ وَ الْأَرْضَ مِئَةَ رَحْمَةٍ طِبَاقَ كُلُّ رَحْمَةٍ مَا بَيْنَ السَّمَاءِ وَ الْأَرْضِ، فَجَعَلَ مِنْهَا فِي الْأَرْضِ رَحْمَةً فِيهَا تَعْطِفُ الْوَالِدَةُ عَلَى وَلَدِهَا وَالْوَحْشُ وَالطَّيْرُ بَعْضُهَا عَلَى بَعْضٍ (مسلم)

സൽമാനി(റ)ൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു: "ആകാശ ഭൂമികളെ പടച്ച ദിവസം തന്നെ അല്ലാഹു നൂറ് കാരുണ്യവും സൃഷ്ടിച്ചിട്ടുണ്ട്. കാരുണ്യത്തിന്റെ ഓരോ തട്ടും ആകാശഭൂമിക്കിടയിൽ സംവിധാനിച്ചു. അതിൽ നിന്ന് അവൻ ഭൂമിയിലേക്കിറക്കിയത് ഒരേയൊരു കാരുണ്യം മാത്രമാണ്. മനുഷ്യരും വന്യമൃഗങ്ങളും, പക്ഷികളും തങ്ങളുടെ കുട്ടികളോട് കാട്ടുന്ന സ്നേഹം, ആ കാരുണ്യത്തിന്റെ ഭാഗമാകുന്നു" (മുസ്‌ലിം).

ഇസ്‌ലാം കാരുണ്യത്തിന്റെ മതമാണ്. പരമകാരുണികനായ ദൈവത്തെയാണത് പരിചയപ്പെടുത്തുന്നത്. ദൈവിക ഗുണങ്ങളിൽ (അസ്മാഉൽ ഹുസ്ന) ഏറ്റവും മുന്തിനിൽക്കുന്നത് കാരുണ്യം തന്നെ. പ്രവാചകന്മാരഖിലം കരുണാർദ്രരായിരുന്നു. 'സർവലോകത്തിനും കാരുണ്യമായിട്ടല്ലാതെ താങ്കളെ നാം അയച്ചിട്ടില്ല' എന്നാണ് അന്ത്യപ്രവചാകൻ മുഹമ്മദ് നബി (സ)യെ കുറിച്ച് ഖുർആൻ പ്രസ്താവിച്ചിട്ടുള്ളത്.

പരമകാരുണികനായ അല്ലാഹു, കാരുണ്യത്തെ തന്റെ സൃഷ്ടികളിൽ വിതരണം ചെയ്തിരിക്കുന്നു. ആകാശ ഭൂമികളെ പടച്ച ദിവസം തന്നെ, ഇതിന്നായി അവൻ നൂറ് കാരുണ്യത്തെ പ്രത്യേകം സൃഷ്ടിക്കുകയും അവയെ ആകാശഭൂമികൾക്കിടയിൽ വ്യത്യസ്ത മണ്ഡലങ്ങളിലായി സംവിധാനിക്കുകയും ചെയ്തു. നൂറിലൊരു കാരുണ്യമാണവൻ ഭൂമിയിലേക്കിറക്കിയത്. ആ 'ഒന്ന്' എത്ര വലുതാണെന്നതിന് ഭൂലോകത്തെ മനുഷ്യനുൾപ്പെടെയുള്ള സൃഷ്ടികൾ സാക്ഷികളാണ്. അല്ലാഹു അവയിൽ സന്നിവേശിപ്പിച്ചിട്ടുള്ള ഈ സവിശേഷ ഗുണം മൂലമാണ് അവ തങ്ങളുടെ മക്കളോട് സ്നേഹത്തോടും കാരുണ്യത്തോടും കൂടി വർത്തിക്കുന്നത്.

കാരുണ്യത്തെ മനുഷ്യനുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളിലേക്ക് പകർന്ന് നൽകാൻ കടപ്പെട്ടവനാണ് മനുഷ്യൻ. സമ്പത്ത്, സമയം, ആരോഗ്യം, ആയുസ്സ് എന്നിവയെല്ലാം ആ മാർഗത്തിൽ വിനിയോഗിക്കപ്പെടണം. നബി(സ) അരുളി: "ഭൂമിയിലുള്ളവരോട് കരുണ കാട്ടുക. ആകാശത്തുള്ളവൻ നിങ്ങളോടും കരുണ കാട്ടും." "ക്രൂരനും കഠിന ഹൃദയനുമായ മനുഷ്യൻ അല്ലാഹുവിൽ നിന്ന് ബഹുദൂരം അകന്നുപോകുന്നു" (തിർമിദി).

'സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും' എന്ന കവിയുടെ വരികൾ വളരെ അർഥവത്താണ്. നോവുമാത്മാവിനെ സ്നേഹിക്കുന്നവർക്കല്ലാതെ അല്ലാഹുവിനോടടുക്കാനാവില്ല. കാരുണ്യത്തിന്റെ നിറകുടമായിരുന്നു പ്രവാചകൻ. ചെറുതും വലുതുമായ അദ്ദേഹത്തിന്റെ ചലനങ്ങളോരോന്നും കരുണാമയമായിരുന്നു. ഒരിക്കൽ തിരുദൂതർ അനുചരന്മാരോട് പറഞ്ഞു: "പരസ്പരം കരുണ കാട്ടാതെ നിങ്ങളിൽ ഒരാൾക്കും മുസ്‌ലിമാകാൻ കഴിയില്ല." ഇതിന് 'ഞങ്ങൾ കരുണ കാട്ടുന്നുണ്ടല്ലോ' എന്നായിരുന്നു അവരുടെ പ്രതികരണം. അപ്പോൾ തിരുദൂതർ അരുളി: "നിങ്ങൾക്ക് നിങ്ങളുടെ കൂട്ടുകാരനോടുള്ള സ്നേഹമല്ല കരുണ; എല്ലാ മനുഷ്യരും അർഹിക്കുന്ന ഒന്നാണത്" (ത്വബ്റാനി). ശത്രു-മിത്ര ഭേദമന്യേ സകല മനുഷ്യർക്കും നന്മ വരണമെന്ന ആഗ്രഹവും തദനുസാരമുള്ള പ്രവൃത്തികളുമാണ് കാരുണ്യം കൊണ്ട് വിവക്ഷിക്കപ്പെടുന്നത്.

കരുണ മനുഷ്യർക്കിടയിൽ മാത്രം പരിമിതപ്പെടരുതെന്നും ഇസ്‌ലാമിന് നിർബന്ധമുണ്ട്. നരകത്തിലെറിയപ്പെട്ട ഒരു സ്ത്രീയെക്കുറിച്ച് നബി (സ) വെളിപ്പെടുത്തിയപ്പോൾ, അവൾ ചെയ്ത കുറ്റമായി പറഞ്ഞത്, 'ഭക്ഷണം കൊടുക്കുകയോ സ്വതന്ത്രമായി ഭക്ഷണം കണ്ടെത്തുവാനായി അഴിച്ചുവിടുകയോ ചെയ്യാതെ, ഒരു പൂച്ചയെ കെട്ടിയിടുകയും പട്ടിണിക്കിടുകയും, അങ്ങനെ അത് ചാകാനിട വരുകയും ചെയ്തു' എന്നതായിരുന്നു.

അതേസമയം, ഒരു നായയോട് കരുണ കാണിച്ചത് മൂലം സ്വർഗം നേടിയ ആളെക്കുറിച്ചും നബി (സ) പറയുകയുണ്ടായി. "മരുഭൂമിയിലൂടെ യാത്ര ചെയ്യുകയായിരുന്നു അയാൾ. ദാഹം കഠിനമായി. ഒരു കിണർ കണ്ടപ്പോൾ അതിലിറങ്ങി ദാഹം തീർത്തുകൊണ്ടിരിക്കെ ദാഹിച്ചു വലഞ്ഞ ഒരു നായ അവിടെയെത്തി. കരയിൽ കയറിയ മനുഷ്യൻ നായയെ കണ്ടു. നാവ് നീട്ടി വെള്ളത്തിനായി യാചിക്കുകയാണെന്ന് അയാൾക്ക് തോന്നി. 'എന്റെയും അവസ്ഥ ഇതായിരുന്നല്ലോ.' അയാൾ സ്വയം പറഞ്ഞു. വീണ്ടും കിണറ്റിലിറങ്ങി അയാൾ തന്റെ തോൽ കാലുറ ഊരിയെടുത്ത് അതിൽ വെള്ളം നിറച്ചു. അത് കടിച്ചു പിടിച്ച് കരക്ക് കയറി. ആ വെള്ളം നായയെ കുടിപ്പിച്ചു. അയാളുടെ ഈ പ്രവൃത്തിക്ക് പ്രതിഫലമായി അല്ലാഹു അയാൾക്ക് സ്വർഗം നൽകി" (മുസ്‌ലിം).

കഥ കേട്ടു അനുയായികൾ നബി(സ)യോട് ചോദിച്ചു: "മൃഗങ്ങളോട് നന്നായി പെരുമാറിയാൽ സ്വർഗം ലഭിക്കുമോ?" റസൂൽ (സ) അരുളി: "ജീവനുള്ള ഏതിനോടും കരുണ കാട്ടണം. എങ്കിൽ സ്വർഗം ലഭിക്കും." ●